Minister for Transport and Labour (**Shri K. T. Achuthan**) : Sir, I lay on the Table a copy of the Fourth Annual Report of the Kerala Water Transport Corporation and Statement of Accounts as on 31-3-1962 together with the comments of the Accountant General and a copy of the Report on the working of the said Corporation for 1961-62 as required under Section 619A of the Companies Act.

CONSIDERATION OF THE AMENDMENTS TO THE KERALA EDUCATION RULES

G. O. (P) No. 616/63/Edn. dated 17th September 1963

Chapter XXIV

Mr. Speaker: Amendment Nos. 1, 4 and 6 for Chapter XXIV may be moved by Shri T. C. Narayanan Nambiar and amendment Nos. 2, 3 and 5 may be moved by Shri K. Krishna Pillai.

Shri T. C. Narayanan Nambiar : Sir, I move the following amendments :

1. In Chapter XXIV, Rule 3, sub-rule (2), proviso (i) the word 'continuous' shall be deleted.
4. In Chapter XXIV, rule 3 sub-rule (2), proviso (ii), the word 'continuous' shall be deleted.
6. In Chapter XXIV, Rule 3, sub-rule (2) for proviso (i) the following shall be substituted :

   (i) If they have on or before 1-7-1963 put in a service of not less than 15 years, from the date from which the salary has been withheld from payment or unpaid or from 1-7-1959 whichever is later".

ഈ 24-ാം ചാപ്റ്ററിൽ 3-ാം വകുപ്പിൽ സബ്പ്രൂം 2-ൽ ഗവണ്മെൻറു കൊണ്ടുവന്നിട്ടുള്ള ഭേദഗതി നാൺടീച്ചിംഗ് സ്റ്റാഫിനു 'provided further that underqualified persons who were in service on 1-7-1959 shall be exempted from the qualifications prescribed in sub-rule (1) of rule 2 and shall be paid salary at the Government rates'ും 2 സബ്പ്രൂം ഒന്നിൽകൂടിയുണ്ടാക്കേഷൻ ഇന്നതിന്നതായിരിക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇ. എസ്. എൽ. സി., എസ്. എസ്. എൽ.സി. എന്നെല്ലാം പറഞ്ഞിട്ടുണ്ട്. എന്നാൽ കാലാനുകാലങ്ങളായി പരിചയസമ്പന്നതകൊണ്ടു ഇവർ കൂടിയ ശമ്പളത്തിനർഹരായിട്ടുള്ള പല കേസുകളുമുണ്ട്. അവർക്കു 1-7-1959 മുതൽ ഗവണ്മെൻറു റേറ്റിൽ ശമ്പളം കൊടുത്തിട്ടില്ല. അങ്ങനെ പല സ്ഥലങ്ങളിലും ഗവണ്മെൻറു റേറ്റു അനുസരിച്ചുള്ള ശമ്പളം അന്നുമുതൽ അവർക്കു കിട്ടാതിരിക്കുകയാണു്. ഇപ്പോൾ ഗവണ്മെൻറു തീരുമാനിച്ചിരിക്കുന്നതു ചില ഉപാധികളുടെ അടിസ്ഥാനത്തിൽ അവർക്കു ആ ശമ്പളം കൊടുക്കാവുന്നതാണെന്നാണു്. അതിനു 'if they have on or before 1-7-1963 put in a continuous service of not less than 15 years, from 1-7-1963;' 1-7-1963 വരേക്കു തുടർച്ചയായി 15 കൊല്ലത്തിലധികം അവർക്കു സർവ്വീസുണ്ടെങ്കിൽ അവക്കു ഗവണ്മെൻറു റേറ്റിൽ ശമ്പളം കൊടുക്കാമെന്നാണു്. ഈത്തരക്കാർ 1-7-1959-ൽ സർവ്വീസിലുണ്ടാകുകയും വേണം. 1-7-1959 മുതൽ തുടർച്ചയായിട്ടു എന്നു പറയുമ്പോൾ അതിൽ ചില വിഷമങ്ങളുണ്ടു്. ഒന്നാമതു ഞാൻ മനസ്സിലാക്കിയിടത്തോളം 15

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

കൊല്ലം സർവ്വീസുണ്ടായിട്ടും ഇവർക്ക് ഇനിയും കിട്ടേണ്ട ശമ്പളം കിട്ടാത്തതായി രണ്ടോ മൂന്നോ കേസുകൾ എന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അപ്പോൾ അങ്ങനെ കേസുകൾ ഉണ്ടാകുകയില്ലെന്നാണ് ഞാൻ ധരിച്ചിരുന്നത്. ഞാൻ പിന്നീട് മനസ്സിലാക്കി, 15 കൊല്ലവും പത്തു കൊല്ലവും സർവ്വീസിലുള്ള ആംക്കാർക്കും ഇനിയും അങ്ങനെ ശമ്പളം കിട്ടാതെയുണ്ട് എന്ന്. ഇതിൽ 10 കൊല്ലമെന്ന ആരോ ഭേഗതി കൊടുത്തിട്ടുണ്ട്. ശ്രീമാൻ കൃഷ്ണപിള്ള പത്തു കൊല്ലമെന്നാണ് അദ്ദേഹത്തിന്റെ ഭേഗതിയിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ 15 എന്നമാത്രം കൊടുത്തിട്ടുള്ളത്. പക്ഷെ, ഇതിൽ ഒരു വിഷമമുള്ളത്, ഈ കണ്ടിന്യുവസ് സർവ്വീസ് എന്ന പറയുന്നതുകൊണ്ടാണ്. ഉദാഹരണമായിട്ട് ഒരാൾ 1938 മുതൽ 1940 വരേക്കും സർവ്വീസിൽ ഇരിക്കുകയാൽ രണ്ടു കൊല്ലത്തോളം സർവ്വീസുണ്ടായി. പിന്നീട് 1940 മുതൽ 1955 വരേക്കും സർവ്വീസുണ്ടായി എന്നു വയ്ക്കുക. ഈ പ്രൈവറ്റ് സ്കൂളുകളിൽ സെക്യൂരിറ്റി ആഫ് സർവ്വീസ് ഇല്ലല്ലോ. പിന്നീട് ഉദ്യോഗം കിട്ടുന്നതു 1956 ജൂൺമാസം 3-ാം തീയതി മുതൽക്കാണ്. പിന്നെയും പിരിച്ചുവിട്ടു. പിന്നീട് ആഗസ്റ്റ് മാസത്തിൽ വീണ്ടും പ്രവേശിച്ചു. ഇങ്ങനെ മൊത്തം സർവ്വീസ് 15 അല്ല 18 കൊല്ലം ആകുന്നുണ്ട്. പക്ഷെ, സർവ്വീസ് കണ്ടിന്യുവസ് അല്ല. അപ്പോൾ കണ്ടിന്യുവസ് സർവ്വീസ് ആയിരിക്കണമെന്ന പറയുന്നതുകൊണ്ട് ആ ബെനിഫിറ്റ് അങ്ങനെയുള്ളവർക്കു കിട്ടുന്നില്ല. അതു അവരുടെ കുറ്റം കൊണ്ടല്ല. ഗവണ്മെന്റ് തക്കസമയത്തു ഇങ്ങനെയുള്ള കാര്യങ്ങൾക്കു തീരുമാനമെടുക്കാത്തതിന്റെ ഫലമായി ഇങ്ങനെ അവരുടെ സർവ്വീസിന്റെ കാര്യത്തിൽ കുറച്ചു മാസത്തിന്റെ കുറവു കാര്യമായിട്ടു എടുക്കുകയാണെങ്കിൽ വാസ്തവത്തിൽ ഈ ഗവണ്മെന്റു ചെയ്യാനുദ്ദേശിക്കുന്ന ആനുകൂല്യം അവർക്കു വളരെ ദോഷകരമായിത്തീരുന്ന ഒന്നാണെന്ന എനിക്കു തോന്നി, അതുകൊണ്ടാണ് ഞാൻ ഈ 'continuous' എന്ന വാക്കു എടുത്തുകളയണം എന്നു പറഞ്ഞിട്ടുള്ളത്. അപ്പോൾ അതേസംബന്ധിച്ച ന്യായമായിട്ട ഒരു ചോദ്യം ചോദിക്കാവുന്നതാണ്; ഈ 15 കൊല്ലത്തിൽ കുറവായ സർവ്വീസുള്ളവക്കെല്ലാം ഇതു കൊടുക്കാൻ കഴിയുമോ എന്ന്. അങ്ങനെ ഉണ്ടാകാനിടയില്ല. അതുകൊണ്ട് ഈ പ്രത്യേക കാലഘട്ടത്തിൽമാത്രമേ ഇതു വരാൻ ഇടയുള്ളു. അതു വളരെ അനിവാര്യമായ കാരണങ്ങളാലാണ് വന്നിട്ടുള്ളത്. ഇനി ഇന്നു 15 കൊല്ലം കഴിയാത്ത ആളുകൾക്ക് 15 കൊല്ലം കഴിയുമ്പോൾ അതു കണ്ടിന്യുവസ് സർവ്വീസാണെന്നുണ്ടെങ്കിൽ അവർക്കു കിട്ടുമല്ലോ എന്നാണെങ്കിൽ അതുകൊണ്ടു കുറച്ചുകൊല്ലംകൂടി അങ്ങനെ ശമ്പളം കിട്ടാതെ തുടരണം. അതു അന്യായമാണെന്നു തോന്നിയിട്ടാണല്ലോ ഇപ്പോൾ ഗവണ്മെന്റ് ഈ ആക്റ്റ് നടപ്പായ തീയതിമുതൽക്കെങ്കിലും സർവ്വീസിലുള്ളവർക്ക് എന്ന് തീരുമാനിച്ചിരിക്കുന്നതു. അതോടുകൂടി 15 കൊല്ലം കണ്ടിന്യുവസ് സർവ്വീസുംകൂടി ഉണ്ടായിരിക്കണമെന്നു പറയുന്നതുകൊണ്ട് എത്രാനും ആളുകളെമാത്രം അങ്ങനെ തുടരാൻ അനുവദിക്കുന്നതു ശരിയല്ല. അതുകൊണ്ട് ഈ കണ്ടിന്യുവസ് എന്നുള്ള വാക്കു എടുത്തുകളയണമെന്നുള്ള എന്റെ ഭേഗതി സ്വീകരിക്കാവുന്നതാണ്. അതു വളരെ ലളിതമായ ഒരു കാര്യമായതുകൊണ്ട് ദീർഘമായ ഒരു പ്രസംഗത്തിന്റെ ആവശ്യമില്ല.

നാലാമത്തെ ഭേഗതി consequential ആണ് അതും സ്വീകരിക്കാവുന്നതാണെന്നു മാത്രമേ പറയുന്നുള്ളു.

മറേതു ഇതിൽ കൊടുത്തിട്ടുള്ളതു 'Provided further that underqualified persons who were in service on 1-7-1959 shall be exempted from the qualifications prescribed in sub-rule (1) of rule 2 and shall be paid salary at the Government rates (i) if they have on or before 1-7-1963 put in a continuous service of not less than 15 years, from 1-7-1963' എന്നാണു പറഞ്ഞിട്ടുള്ളതു. എന്നാൽ ഞാൻ പറയുന്നതു 'if they have on or before 1-7-1963 put in a service of not less than 15 years from the date from which the salary has been withheld from payment or unpaid or from 1-7-1959 whichever is later'. എന്നാണ്. ഇപ്പോൾ കാലാവധി വയ്ക്കണമെ പ്രശ്നമേ ഇല്ലെങ്കിൽ ആ തീയതിമുതൽക്കു അവർക്കു കൊടുക്കാം., അതു ചില മാനേജ്മെന്റുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നോ മാസം കൊടുത്തുപോയിട്ടുണ്ടെങ്കിൽ ആ തീയതി മുതൽക്കു കൊടുത്താൽ മതി. അതല്ലെങ്കിൽ 1-7-1963 എന്നാണു് ഇതിൽ പറഞ്ഞിട്ടുള്ളതു്. അപ്പോഴും ചില ക്ലർക്കു കൊടുത്തിട്ടുള്ളതിനു കൊടുക്കണ്ട. അല്ലെങ്കിൽ 1-7-1963 വരെ എന്നോ 1-12-1959 വരെ കൊടുത്തിട്ടുണ്ടു് എന്നോ ചേർക്കുക, അതുകൊണ്ടു ദോഷമില്ലെങ്കിൽ 1-7-'59 അല്ലെങ്കിൽ ഏതു തീയതി മുതൽക്കു കൊടുത്തിട്ടുണ്ടോ അതു മുതൽ ആ ശമ്പളം കൊടുക്കാൻ സാധിക്കുമാറാകുന്ന ഒരു ഭേദഗതി എന്നുള്ള നിലയിൽ അതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

Shri K. Krishna Pillai: Sir, I move the following amendments :

2. In Chapter XXIV, rule 3, sub-rule (2) proviso (i), for the figure '15' the figure '10' shall be substituted.

3. In Chapter XXIV, rule 3, sub-rule (2), in the proviso (i) and (ii) for the date '1-7-1963' wherever it occurs, the date '1-7-1959' shall be substituted.

5. In Chapter XXIV, rule 3, sub-rule (2), proviso (ii), for the figure '15', the figure '10' shall be substituted.

രണ്ടും, മൂന്നും, അഞ്ചും ഭേദഗതികളാണു് ഞാൻ അവതരിപ്പിക്കുന്നതു്. കെ. ഇ. ആർ. അനുസരിച്ചു പ്രൈവറ്റു സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പരീക്ഷായോഗ്യത എന്തായിരിക്കണം എന്നും അവരുടെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം ആ നിശ്ചിത പരീക്ഷാ യോഗ്യത കൂടി ഉള്ളവർക്കു ഗവണ്മെന്റു സ്കൂളിലെ ശമ്പളം അനുവദിക്കുകയും, അതില്ലാത്ത ആളുകളെ സംബന്ധിച്ചിടത്തോളം എഡ്യൂക്കേഷൻ ആക്ടും റൂൾസും നടപ്പിൽ വരുന്നതിനുമുമ്പു മാനേജുമെന്റിൽനിന്നും കൊടുത്തുവന്ന ശമ്പളം കൊടുക്കണമെന്നുമാണു്. എന്നാൽ ഇപ്പോഴും ഗവണ്മെന്റു കൊണ്ടുവന്നിരിക്കുന്ന ഭേദഗതി അനുസരിച്ചു ഈ നിശ്ചിത പരീക്ഷായോഗ്യത ഇല്ലാത്തവർക്കും എഡ്യൂക്കേഷൻ ആക്ടും റൂൾസും നടപ്പാക്കുന്നതിനുമുമ്പു് സർവ്വീസിലുള്ളവരാണെങ്കിൽ ഇന്നു അവർ സർവ്വീസിൽ തുടരുകയാണെങ്കിൽ അവർക്കു ഗവണ്മെന്റു റേറ്റു് അനുസരിച്ചുള്ള ശമ്പളം കൊടുക്കേണ്ടതാണു് എന്നാണു് ഈ ഭേദഗതികൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ അങ്ങനെ ഗവണ്മെന്റു റേറ്റു് അനുസരിച്ചു ശമ്പളം കൊടുക്കുന്നതു് ചില നിബന്ധനകൾക്കു വിധേയമായിട്ടാണു്. 15 കൊല്ലത്തെ തുടർച്ചയായ സർവ്വീസുള്ളവരായിരിക്കണം. അവർക്കു 1-7-1963 മുതൽക്കു ഗവണ്മെന്റുറേറ്റിൽ ശമ്പളം കൊടുക്കുമെന്നാണു്. അങ്ങനെ 1-7-1963 എന്നു പറയുന്ന തീയതിക്കു പ്രത്യേകമായി എന്തെങ്കിലും പ്രാധാന്യമുള്ളതായി എനിക്കു തോന്നുന്നില്ല. ഗവണ്മെന്റു ഈ അടുത്ത കാലത്തു മാത്രമാണു് അങ്ങനെ ഒരു തീരുമാനം എടുത്തിട്ടുള്ളതു്, അല്ലാതെ മറ്റു പ്രാധാന്യമൊന്നും കാണാൻ സാധിക്കുന്നില്ല. ഈ ആക്ടു നടപ്പായ തീയതിമുതൽക്കായിരിക്കണം അതു നടപ്പാക്കുക എന്നുള്ളതാണു് എന്റെ ആദ്യത്തെ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. 1-7-1963 എന്നുള്ളതു 1-7-1959 എന്നാക്കണം എന്നുള്ളതാണു്. 1-7-1959 എന്നു പറയുന്നതു്, വിദ്യാഭ്യാസ ആക്ടും റൂൾസും നടപ്പായ ദിവസമാണു്.

15 വർഷം സർവ്വീസുള്ളവർക്കു് 1-7-1959 മുതൽ ഗവണ്മെന്റു റേറ്റിലുള്ള ശമ്പളം കൊടുക്കണമെന്നാണു് ഞാൻ നിർദ്ദേശിക്കുന്നതു്. ഗവണ്മെന്റു നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതിയനുസരിച്ചാണെങ്കിൽ ദീർഘകാല സർവ്വീസുള്ള ആളുകൾക്കുകൂടി ഈ ആനുകൂല്യം കിട്ടുന്നതു 1963 ജൂലൈ 1-നു ശേഷമാണു്. മറ്റുള്ളവർക്കും ആ തീയതിയിലാണു് ലഭിക്കുന്നതു്. അങ്ങനെ ദീർഘകാല സർവ്വീസുള്ളവർക്കു് 1963 മുതലെ ലഭിക്കുകയുള്ളുവെന്നു വന്നാൽ ഇനി അവർക്കു വളരെയധികം സർവ്വീസ് കാണുകയില്ലെന്നുള്ളതുകൊണ്ടു് ഒന്നോ, രണ്ടോ ഇംക്രിമെന്റു് കിട്ടാനുള്ള സൗകര്യമേ ലഭിക്കുകയുള്ളു. അതുകൊണ്ടാണു് അവരുടെ ദീർഘകാലമായ സർവ്വീസു പരിഗണിച്ചു 1959 ജൂലൈ 1-ാം തീയതിയോ അതിനുശേഷമോ 15 വർഷം സർവ്വീസു തികയുന്ന തീയതിമുതൽ ഗവണ്മെന്റു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കുഞ്ഞപിള്ള]

റേറിലുള്ള ശമ്പളം കൊടുക്കണമെന്ന ഞാൻ നിർദ്ദേശിക്കുന്നു. ഈ ഭേദഗതി സ്വീകരിക്കണമെന്നാണു് എന്റെ അഭിപ്രായം. അതു സ്വീകരിക്കുമ്പോൾ ഈ കഴിഞ്ഞ നാലുവർഷത്തെ കുടിശ്ശിക ഗവണ്മെന്റു കൊടുക്കേണ്ടിവരും. അതു കൊടുക്കുന്നതിനു ഗവണ്മെന്റു സന്നദ്ധമാകുന്നില്ലെങ്കിൽ മറെറാരു ഭേദഗതിയും ഞാൻ നിർദ്ദേശിക്കുന്നുണ്ടു്. അതു് 15 കൊല്ലം സർവ്വീസു് എന്നുള്ളതു് 10 കൊല്ലമായി ചുരുക്കണമെന്നാണു്. 1963 മുതലെ ഗവണ്മെന്റു് കൊടുക്കാൻ സന്നദ്ധമാകുന്നുള്ളുവെങ്കിൽ 10 കൊല്ലം സർവ്വീസുള്ള ആളുകൾക്കു് അതു കൊടുക്കുന്നതിനു സന്നദ്ധമാകണം. 1–7–1963 എന്നുള്ളതിനു് യാതൊരു പ്രാധാന്യവും കാണാൻ കഴിയുന്നില്ല. ഒന്നുകിൽ ഈ നിയമം നടപ്പിൽ വന്നതു മുതലായിരിക്കണം. അല്ലെങ്കിൽ പ്രൈവറ്റു സ്കൂളുകളെ സംബന്ധിച്ചിടത്തോളം പി. എസ്. എസ്. സ്കീം നടപ്പിൽ വന്ന 1950-ൽ സർവ്വീസിൽ ഉണ്ടായിരുന്നവർക്കു കൊടുക്കുക എന്നതായിരിക്കണം. അങ്ങനെ ഏതെങ്കിലും തത്വത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യണം. ഗവണ്മെന്റു തീരുമാനമെടുത്ത അന്നുമുതൽ കൊടുത്തുവെന്നു പറയുന്നതു ശരിയായിരിക്കുകയില്ല. ഈ ഭേദഗതികളും ശ്രീ. നാരായണൻ നമ്പ്യാർ അവതരിപ്പിച്ച ഭേദഗതികളും വളരെ അനുഭാവപൂർവ്വം പരിഗണിക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. പ്രൈവറ്റു സ്കൂളിലെ നാൺടീച്ചിംഗ് സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം വളരെ അവശതകളും ഉണ്ടെന്നും അവയ്ക്കൊന്നിനും അനുഭാവപൂർവ്വമായ പരിഗണന ലഭിച്ചിട്ടില്ലെന്നും അവർക്കു് അഭിപ്രായമുണ്ടു്. അവർക്കു് സ്പെഷ്യൽ ഡീയർനസ് അലവൻസ് ഇതുവരെ അനുവദിച്ചിട്ടില്ല. സെൻട്രൽഗവണ്മെൻറിന്റെ ഗ്രാൻറിൽനിന്നും കിട്ടുന്നതായതുകൊണ്ടു് അവർക്കു കൊടുക്കാൻ നിവൃത്തിയില്ലെന്നാണു് ഗവണ്മെന്റു പറയുന്നതു്. മറു പലർക്കും ലഭിക്കുന്ന അവകാശം ഇവർക്കും ലഭിക്കേണ്ടതാണെന്നുള്ള അടിസ്ഥാനത്തിൽ സെൻട്രൽഗവണ്മെൻറിൽനിന്നു അവർക്കു കൂടി ലഭിക്കുന്നതിനുള്ള വിധത്തിൽ ഗ്രാൻറു വാങ്ങുന്നതിനു ഈ ഗവണ്മെൻറു നടപടികളും സ്വീകരിക്കേണ്ടതാണു്. ഇതുവരെ ഗവണ്മെൻറു അതിനു തയ്യാറായിട്ടില്ല. അതുപോലെതന്നെ അനുവദിച്ചിട്ടുള്ള ആനുകൂല്യം സംബന്ധിച്ചാണെങ്കിൽ ഈ നാലു കൊല്ലം കഴിഞ്ഞശേഷവും ഇന്നും ദീർഘകാല സർവ്വീസുള്ളവർക്കാണെങ്കിലും പലർക്കും ബേസിക്കു് പേ ആണു് കിട്ടിക്കൊണ്ടിരിക്കുന്നതു്. അവരുടെ ശമ്പളം ഫിക്സു ചെയ്യുകയോ, വാർഷിക ഇംക്രിമെൻറു് കൊടുക്കുകയോ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. ചിലയിടത്തു് സ്വീകരിച്ചിട്ടുമുണ്ടു്. കൊല്ലം ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം ആർക്കും കൊടുത്തിട്ടില്ല. ഇനി അവരുടെ ജോലിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ റൂൾ 1 അനുസരിച്ചു നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ എണ്ണം ക്രിപ്പ പ്പെടുത്തിയിട്ടുണ്ടു്. 1000 കുട്ടികളുള്ള സ്കൂളുകളെ സംബന്ധിച്ചു ഒരു പാറേൺ ഉണ്ടു്. അതു കഴിഞ്ഞു ഇപ്പോൾ രണ്ടായിരവും കൂടുതലും കുട്ടികളുള്ള സ്കൂളുകളും ഉണ്ടു്. അവർ വളരെ കൂടുതൽ ജോലിചെയ്യുന്നുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ റൂളിനകത്തു ഭേദഗതി വരുത്തുന്നതിനു ആലോചിക്കേണ്ടതാണു്. ഇങ്ങനെ പല അവശതകളും അവർക്കുണ്ടു്. ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ ഈ ഭേദഗതികളും വളരെ അനുഭാവപൂർവ്വം പരിഗണിക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. ഭേദഗതികളും സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): ഈ ഭേദഗതികളൊക്കെ പ്രിസ്ക്രൈബ് ചെയ്തിട്ടുള്ള യോഗ്യതയില്ലാത്തവർക്കുകൂടി, അവർക്കു് ദീർഘമായ സർവ്വീസ് ഒരു സ്കൂളിൽ ഉണ്ടെങ്കിൽ പുതിയതായി അനുവദിക്കപ്പെട്ടിട്ടുള്ള ശമ്പളസ്കെയിൽ അനുവദിക്കുന്നതിനു് സൗകര്യമുണ്ടാക്കുന്നതാണു്. 1959–ൽ ഉണ്ടായ നിയമമനുസരിച്ചു് പ്രൈവറ്റു സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് അംഗങ്ങൾക്കു് ഗവണ്മെൻറു് സ്കൂൾനോൺ ടീച്ചിംഗ് സ്റ്റാഫിനു ലഭിക്കുന്ന ശമ്പളസ്കെയിൽഅനുവദിക്കുകയുണ്ടായി. എന്നാൽ ഗവണ്മെൻറു് സ്കൂളിൽ ഇരിക്കുന്നവർക്കു് ഇന്നയിന്ന പരീക്ഷായോഗ്യതകളുണ്ടായിരിക്കണമെന്നു നിർബന്ധമുണ്ടു്. പ്രൈവറ്റു സ്കൂളുകളിൽ ഇരിക്കുന്ന നോൺ ടീച്ചിംഗ് സ്റ്റാഫ് അംഗങ്ങളിൽപലർക്കും ഈ

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതകൂടി ഉണ്ടായിരുന്നില്ല. അപ്പോഴും അവരെ യോഗ്യതയില്ലാത്തവരെന്ന ന്യായത്തിൽ സ്കൂളിൽനിന്നു പിരിച്ചുവിടണം. അല്ലെങ്കിൽ ഒരു വ്യത്യസ്ഥമായ നിലയിൽ അവരെ പരിഗണിച്ചു ആ സ്കൂളുകളിൽ നേരത്തെ കിട്ടിക്കൊണ്ടിരുന്ന ശമ്പളം തുടർന്നു നൽകി ജോലിയിലിരിക്കാൻ അനുവദിക്കണം. രണ്ടാമത്തേതു് ഔദാര്യപൂർവ്വമായ നടപടിയാണു്, അന്നു് ഗവണ്മെൻറു് സ്വീകരിച്ച നടപടിയും അതാണു്. ഇവർക്കു് യോഗ്യതയില്ലെങ്കിലും ശരി അവർ സർവ്വീസിൽ വന്നു പോയിട്ടുണ്ടെങ്കിൽ അവർക്കു് ആ സ്കൂളിൽ മുൻപു കിട്ടിക്കൊണ്ടിരുന്ന ശമ്പളം തുടർന്നു കൊടുക്കാൻ നിശ്ചയിച്ചു. അതിൻറെശേഷം വളരെ അജിറേറഷൻ ഉണ്ടായി. അവരെ ഇങ്ങനെ പ്രത്യേകമായി പരിഗണിക്കരുതെന്നും, അവർ ചെയ്യുന്ന ജോലി ഒരുപോലെയാണെന്നും പരീക്ഷായോഗ്യത ഇല്ലെന്നുള്ള കുറവു മാത്രമേയുള്ളുവെന്നും ആയിരുന്ന അവർ ഉന്നയിച്ചിരുന്ന കാര്യങ്ങളും. കുറേ കഴിഞ്ഞശേഷം ഇവരിൽ ദീർഘമായ പരിചയം ലഭിച്ചിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഈ വ്യത്യസ്ഥത നിലനിറുത്തേണ്ടതില്ലെന്നു വിചാരിച്ചു അവരെ യോഗ്യതയുള്ളവരുടെ ശമ്പളസ്കെയിലിലേക്കു് മാറണമെന്നു് ഗവണ്മെൻറു് തീരുമാനിച്ചു. ആ തീരുമാനമെടുത്ത തീയതിയാണു്, 1–7–1963 എന്നു പറയുന്നതു്. ആ തീരുമാനമെടുത്തപ്പോഴും 1–7–1959–ൽ ഈ നിയമം വന്നപ്പോഴും തുടർച്ചയായി 15 കൊല്ലം സർവ്വീസിൽ ഇരുന്നിട്ടുള്ള നോൺ ടീച്ചിംഗ് അംഗങ്ങളും പരീക്ഷായോഗ്യത ഇല്ലാത്തവരായിരുന്നാലും അവർക്കു് പരീക്ഷായോഗ്യതയുള്ള ഗവണ്മെൻറു് സ്കൂൾ നോൺ ടീച്ചിംഗ് അംഗങ്ങളുടെ സ്കെയിൽ കൊടുക്കാവുന്നതാണെന്നു ഗവണ്മെൻറു് തീരുമാനിച്ചു. അങ്ങനെ സ്കെയിൽ കൊടുക്കുന്നതു 15 കൊല്ലത്തെ തുടർച്ചയായ സർവ്വീസുള്ളവർക്കു് മാത്രമായിരിക്കണം. അതുപോലെതന്നെ 1–7–1963 മുതലും ആയിരിക്കണമെന്നു തീരുമാനിച്ചു. സത്യത്തിൽ ഇതു വളരെ ഔദാര്യപൂർവ്വം കൈക്കൊണ്ട നടപടിയാണെന്നുള്ളതിനു സംശയമില്ല. ഇപ്പോഴും വന്നിട്ടുള്ള ഒരു ഭേദഗതി 10 കൊല്ലത്തെ സർവ്വീസു മതിയെന്നാക്കണമെന്നാണു്. പിന്നൊന്നു് തുടർച്ചയായ സർവ്വീസു വേണ്ട, മൊത്തത്തിൽ 15 കൊല്ലം എവിടെയെങ്കിലും ഇരുന്നിട്ടുള്ളതു കണക്കുകൂട്ടിയാൽ മതിയെന്നാണു്. മൂന്നാമത്തേതു് 1–7–1963 എന്നുള്ളതു മാറി 1–7–1959 എന്നാക്കണമെന്നാണു്. ഇതിനകത്തു് വളരെ ന്യായങ്ങളൊന്നുമില്ല. ഗവണ്മെൻറു് വളരെ ആലോചിച്ചശേഷം അങ്ങേയറ്റം കാണിക്കാവുന്ന സൗജന്യങ്ങളാണു കാണിച്ച പാസ്സാക്കിയ ആർഡറാണു്. എന്നിരുന്നാലും അൽപ്പമൊരു അനാമലി ഉള്ളതുപോലെ തോന്നി. 1–7–1963–ൽ ഈ ഓർഡർ പാസ്സാക്കിയിട്ടു് 1–7–1959–ൽ 15 കൊല്ലത്തെ സർവ്വീസു് ഉണ്ടായിരിക്കണമെന്നു പറയുന്നതു് ഒരു അനാമലിയാണു്. ബഹുമാനപ്പെട്ട അംഗങ്ങളും സമ്മതിക്കുമെങ്കിൽ ഞാൻ ഒരു ഭേദഗതി രണ്ടുംകൂടി ചേർത്തു കൊണ്ടുവരാം. 1–7–1959–ൽ 15 കൊല്ലത്തെ സർവ്വീസുണ്ടായിരിക്കുകയോ, പിന്നീടു് തുടർച്ചയായി സർവ്വീസു് തികയുന്ന തീയതി മുതലോ, പുതിയ സ്കെയിലിൽ വരും. അങ്ങനെ പുതിയതായ സ്കെയിലിലേക്കു് മാറുന്നതിനുള്ള കാലം മുതൽ 1–7–1963 വരെയുള്ള അരിയേഴ്സു് കൊടുക്കാൻ സാദ്ധ്യമല്ല. അതു് അവർ ഉപേക്ഷിക്കണം. ഫിക്സേഷൻ അതനുസരിച്ചു കൊടുക്കാം. ഇങ്ങനെ വരത്തക്കവണ്ണം ഇതു രണ്ടുംകൂടി ചേർത്തു് ഒരു ഭേദഗതി അവതരിപ്പിക്കുകയാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഭേദഗതിതന്നെയാണു് ഞാൻ കൊണ്ടുവന്നിട്ടുള്ളതു്. 1–7–1959–ൽ സർവ്വീസിൽ ഉണ്ടായിരിക്കുകയും.....

ശ്രീ. ആർ. ശങ്കർ : ഞാൻ രണ്ടുംകൂടി ചേർത്തു ഒരു ഭേദഗതി കൊണ്ടുവരികയാണു്. അതായതു്, "In chapter XXIV, Rule 3, sub-rule (2) proviso, substitute the following for items (i) and (ii) :

"if they have put in a continuous service of not less than 15 years on that date, and in the case of others when they complete 15 years of continuous service they will however be entitled to arrears of salary only from 1-7-1963". 15 കൊല്ലം കഴിയുമ്പോഴും പുതിയ സ്കെയിൽ കിട്ടും. ഇതു ദയവായി അംഗീകരിച്ചു പാസ്സാക്കണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The amendment was put and carried.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : നമ്മുടെ ഉദ്യോഗസ്ഥന്മാർ ഇതു് മിസ്ഇൻറർപ്രട്ടു് ചെയ്യുന്ന സ്വഭാവത്തിലാണിരിക്കുന്നതു്. ഇൻക്രിമെൻറു് കിട്ടുമെന്നു വ്യക്തമായി പറഞ്ഞില്ലെങ്കിൽ ഇൻക്രിമെൻറു് കൊടുക്കാൻ തയാറാകുകയില്ല. Arrears of pay വേണ്ട. ഇൻക്രിമെൻറിനെറ കാര്യം പ്രത്യേകം പറയണം.

ശ്രീ. ആർ. ശങ്കർ : ഇതിനു വേറെ യാതൊരു അർത്ഥവും വരികയില്ല. എളുപ്പം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ബഹുമാനപ്പെട്ട മന്ത്രി ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതുകൊണ്ടു് മറ്റു ഭേദഗതികളും സ്വീകരിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

Amendment Nos. 1, 4, & 6 moved by Shri T. C. Narayanan-Nambiar were by leave withdrawn.

Amendment Nos. 2, 3, and 5 moved by Shri K. Krishna Pillai were by leave withdrawn.

LEGISLATIVE BUSINESS

The Kerala Land Reforms Bill, 1963—Consideration of amendments to the Bill as reported by the Select Committee.

Clause 36—(*contd.*)

Mr. Speaker : Now we can take up Legislative Business. Shri N. E. Balaram was on his legs the other day, and he can now continue his speech.

ശ്രീ. എൻ. ഇ. ബലറാം : സർ, ഇന്നലെ ഞാൻ 664-ാമത്തെ ഭേദഗതിയെപ്പറ്റി സംസാരിക്കുകയായിരുന്നു. പാട്ടം ഇളവുചെയ്തുകൊടുക്കുന്നതിനു് ഇന്നത്തെ ബില്ലിൽ 36, 37 ഈ വകുപ്പുകളിൽ വ്യവസ്ഥചെയ്തിരിക്കുകയാണു്. വെള്ളപ്പൊക്കം നിമിത്തമോ മറ്റു കാരണങ്ങളാലോ വിളനാശം ഉണ്ടായാൽ പാട്ടം ഇളവുചെയ്തുകിട്ടാൻ കുടിയാൻ ഡിസ്ട്രിക്റ്റു് കളക്റേറ്റിൽ ഹർജി കൊടുത്താൽ ആവശ്യമായ അന്വേഷണത്തിനു ശേഷം പാട്ടം ഇളവുചെയ്തുകൊടുക്കാൻ 36-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. അതുപോലെ. 37 (3)-ൽ, "Where any material part of the holding is wholly destroyed or rendered substantially and permanently unfit for the purpose for which it was let, by fire, or flood or any other act of God, the rent payable shall be proportionately reduced". എന്നു പറഞ്ഞിട്ടുണ്ടു്. അതായതു്, സ്ഥലം ആകെ നശിച്ചുപോയാലും പാട്ടം കുറവുചെയ്തുകിട്ടാൻ അർഹതയുണ്ടെന്നാണു് അതിൽ പറയുന്നതു്. ഈ രണ്ടു വിധത്തിലുമല്ലാത്ത സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ടു്. അതെന്താണെന്നു വച്ചാൽ, വിള നഷ്ടപ്പെടുക, അല്ലെങ്കിൽ സ്ഥലം നഷ്ടപ്പെടുക എന്ന രണ്ടു വിധത്തിലും അല്ലാതെ ചെടികളും, മരങ്ങളും നഷ്ടപ്പെടുന്നതുമൂലം വിളനാശം ഉണ്ടാകുന്ന അനുഭവം അടിക്കടി ഉണ്ടാകാറുണ്ടു്. കഴിഞ്ഞ രണ്ടു കൊല്ലമായിട്ടു് വൻപിച്ച മഴനിമിത്തവും മറ്റും കിഴക്കൻ പ്രദേശങ്ങളിലെ പറമ്പുകളിലെ കുരുമുളകു തോട്ടങ്ങളിലെ കുരുമുളകുചെടികളും തീരെ നശിച്ചുപോയിട്ടുണ്ടു്. കമുകിൻതോട്ടങ്ങളിലും പരിപൂർണ്ണമായ നാശം സംഭവിച്ചിട്ടുണ്ടു്, ഈ പറഞ്ഞ രണ്ടു വകുപ്പുകളിൽ പറയുന്ന സംരക്ഷണം കുരുമുളകുവള്ളിയും, കമുകും നശിക്കുന്ന കർഷകർക്കു് കിട്ടുന്നില്ല. അതുകൊണ്ടാണു് എൻറെ ഭേദഗതിയിൽ വിളനഷ്ടത്തിനു പുറമേ, plants, palms, vines, and trees or a damage to" എന്നുകൂടി ചേർക്കണമെന്നു പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly